(ബി) ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ട് ; ഇത് ആകെ പ്രവാസി മലയാളികളുടെ എത്ര ശതമാനമാണ്, വ്യക്തമാക്കുമോ;

(സി) പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അഞ്ച് വർഷം പണമടച്ചവർക്ക് സാങ്കേതിക കാരണം പറഞ്ഞ് പെൻഷൻ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹരായ മുഴുവൻ പേർക്കും പെൻഷൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പ്രവാസി ക്ഷേമനിധിയിൽ നിലവിൽ 1,37,152 അംഗങ്ങൾ ഉണ്ട്. കേരളത്തിനു പുറത്തും വിദേശത്തുമായി പ്രവാസികൾ ഉള്ളതിനാൽ ഇതിന്റെ ശതമാനം നിശ്ചയിക്കുക ബുദ്ധിമുട്ടാണ്.

(സി) ഉണ്ട്. 2014 സെപ്റ്റംബർ മുതൽ പെൻഷൻ നൽകിവരുന്നു. നാളിതുവരെ 1509 പേർക്ക് പ്രവാസി ക്ഷേമനിധി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ല. അർഹരായ മുഴുവൻ പേർക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

പ്രവാസി പുനരധിവാസ പാക്കേജ്

94 (1468) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വിവിധ ബഡ്ജറ്റുകളിലായും അല്ലാതെയും പ്രഖ്യാപിച്ച പ്രവാസി പുനരധിവാസ പാക്കേജുകളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കുന്നതിനായി ആകെ എന്ത് തുക അനുവദിക്കപ്പെട്ടു;

(സി) അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടു;

(ഡി) പ്രസ്തുത പാക്കേജ് നടത്തിപ്പിന്റെ വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). വിദേശത്തു നിന്നും തിരികെയെത്തിയ പ്രവാസി മലയാളികൾ ആരംഭിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണിത്. ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയുമാണ് പദ്ധതിയുടെ ആനുകൂല്യത്തിനായി പരിഗണിക്കുന്നത്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

ഇതിനു പുറമെ സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ തിരികെയെത്തുന്ന പ്രവാസി മലയാളികൾക്ക് ഒരു സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 5 പ്രധാന ഘടകങ്ങളാണ് സമഗ്ര പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേയ്ക്ക് തന്നെ തൊഴിലിനായി മടക്കി അയയ്ക്കുക.
- ആഭ്യന്തര തൊഴിൽ മേഖലയിലേയ്ക്ക് പ്രവാസികളുടെ പുനരേകീകരണം.
- സ്വയം സംരംഭക സഹായ പദ്ധതി
- സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
- സ്വയംതൊഴിൽ/നിക്ഷേപ സംരംഭങ്ങൾ

(ബി) NDPREM പദ്ധതിക്കായി നാളിതുവരെ സർക്കാർ അനുവദിച്ച തുക: 12.48 കോടി രൂപയാണ്.

2012-2013	: 1 കോടി രൂപ
2013-2014	:1.48 കോടി രൂപ
2014-2015	: 5 കോടി രൂപ
2015-2016	: 5 കോടി രൂപ

(സി) ഇതിൽ 9.61 കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(ഡി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). നോർക്ക റൂട്ട്സും കാനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി 2014-15-ൽ നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ഈ ബാങ്കുകൾ ലോൺ അനുവദിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. വായ്പയ്ക്കായി അപേക്ഷിച്ച് 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7218 അപേക്ഷകരിൽ 6821 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും 6758 പേരെ ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കുന്നതിലേയ്ക്കായി ബാങ്കിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1072 പേർ ലോൺ എടുത്തതായി ബാങ്കുകളിൽനിന്നും സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടുണ്ട്. ഇതിൽ 1022 പേർക്ക് സബ്സിഡി ആനുകൂല്യവും നൽകിയിട്ടുണ്ട്. 2015-16-ൽ കാനറ ബാങ്കും യൂണിയൻ ബാങ്കും, സൗത്ത് ഇന്ത്യൻ ബാങ്കുമാണ് വായ്പ നൽകാൻ MoU ഒപ്പുവച്ചിട്ടുള്ളത്. എസ്.ബി.ടി. ഉൾപ്പെടെ കൂടുതൽ ബാങ്കുകളെ സഹകരിപ്പിക്കുന്നതിന് ചർച്ചകൾ പുരോഗമിച്ചുവരുന്നു.

പ്രവാസി മലയാളികൾ

95 (1469) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവാസി മലയാളികൾക്കായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസി മലയാളികളിൽ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഇരുപത് ലക്ഷം രൂപാ വരെ സർക്കാർ അനുവദിക്കുന്നത് ചില ബാങ്കുകൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly